**2010 മാർച്ച് 25**

# പരിശുദ്ധ ദൈവമാതാവിനോടുള്ള വചനിപ്പ്

## ലൂക്കാ 1:26-38

**സി. ധന്യ എസ്.ഐ.സി**

നോമ്പുകാലത്തിന്റെ അവസാന ഘട്ടത്തിൽ വരുന്ന ഒരു തിരുന്നാളാണല്ലോ വചനിപ്പ് തിരുന്നാൾ. മലങ്കര കത്തോലിക്കാസഭ എന്നും കടമുള്ള തിരുന്നാളായി ഇത് ആചരിക്കുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യവതാരത്തിന്റെ ആദ്യ സംഭവമാണ് മംഗളവാർത്ത. വചനമായ ദൈവം കന്യകമറിയത്തിന്റെ ഉദരത്തിൽ രൂപമെടുത്ത തിരുന്നാളാണ് വചനിപ്പു തിരുന്നാൾ. ദൈവത്താൽ അയയ്ക്കപ്പെട്ട ഗബ്രിയേൽ ദൂതൻ വിശുദ്ധ മറിയത്തെ അഭിസംബോധന ചെയ്യുന്നത് "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി"എന്നാണ്. ആ കാലഘട്ടത്തിൽ സ്ത്രീകളെ ഇപ്രകാരം സംബോധനചെയ്യുക എന്നത് ചിന്തിക്കാൻ പോലും സാധിക്കാത്തതാണ്. കാരണം അക്കാലഘട്ടത്തിൽ സ്ത്രീക്ക് ഭവനത്തിലും സമൂഹത്തിലും രണ്ടാംസ്ഥാനമാണ് ഉണ്ടായിരുന്നത്. അതുകൊണ്ടാണ്, അഭിവാദനംകേട്ട് മറിയം വളരെ അസ്വസ്ഥയായത്.

ഗബ്രിയേൽ ദൂതൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ്. ദൈവം അയച്ച ദൂതൻ പറയുന്നതും പ്രവർത്തിക്കുന്നതും ദൈവം കല്പ്പിച്ചവ മാത്രമായിരിക്കും. അയയ്ക്കപ്പെട്ടവന് അയച്ചവന്റെ ഇഷ്ടമാണ് സർവപ്രധാനം. ദൂതൻ അവളോട് പറഞ്ഞു: "മറിയമേ നീ ഭയപ്പെടേണ്ട; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു." ദൈവകൃപയാൽ നിറഞ്ഞിരിക്കുന്ന മറിയത്തോടൊപ്പം കർത്താവ് ഉണ്ട്. അതായത് കർത്താവ് കൂടെയുള്ളതുകൊണ്ട് മറിയം ദൈവകൃപ നിറഞ്ഞിരിക്കുന്നു എന്നർത്ഥം. ഈ തിരുവചനം സാക്ഷ്യപ്പെടുത്തുന്ന സത്യം, ഒരു മനുഷ്യവ്യക്തിക്ക് ഇതിനേക്കാൾ കൂടുതലായി എന്തു സൗഭാഗ്യമാണ് ലഭിക്കുവാനുള്ളത് എന്നാണ്. ദൈവം അയച്ച ദൂതനിലൂടെ ദൈവത്തിന് മറിയത്തോട് സ്വസ്തി പറയാം. എന്നാൽ മനുഷ്യർ കന്യകമറിയത്തെ ആദരിക്കുന്നത് ചിലർക്ക് അരോചകമാണ്. ദൈവം അംഗീകരിച്ചാദരിക്കുന്നവരെ മനുഷ്യൻ അംഗീകരിച്ചാദരിക്കുന്നത് തെറ്റാണോ?

മറിയം ദൂതനോടു പറഞ്ഞു: ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ? മറിയം എന്ന ഒരു സാധാരണ യുവതി ഒരു മാലാഖയുടെ മുമ്പിൽ സംശയം ചോദിക്കാൻ തയ്യാറാകുന്നു. ദൂതൻ സംശയത്തിനു നിവാരണമാർഗവും തെളിക്കുന്നു. സ്നാപകയോഹന്നാന്റെ പിതാവ് സഖറിയായെപ്പോലെ വലിയ അനുഭവജ്ഞാനമോ പാണ്ഡിത്യമോ മറിയത്തിനില്ല. രണ്ടിടത്തും ഒരേ ദൂതനെയാണ് ദൈവം അയയ്ക്കുന്നതെങ്കിലും പ്രതികരണങ്ങൾ വ്യത്യസ്ഥമാണ്. നാമിവിടെ മനസ്സിലാക്കേണ്ടത് ദൈവം എപ്പോഴും കാരുണ്യവാനാണ്. അവിടുന്ന് നമുക്കു തന്നിരിക്കുന്ന താലന്തിന്റെ അനുപാതത്തിലായിരിക്കും തിരികെ ചോദിക്കുന്നതും.

ദൂതൻ മറുപടി പറഞ്ഞു, "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും." ജനിക്കാൻ പോകുന്ന ശിശുവിന്റെ പൂർണ ഉത്തരവാദിത്വം ദൈവത്തിനുതന്നെ. കാരണം പേരു നിർദ്ദേശിക്കുന്നതും ദൈവം തന്നെയാണ്. ഇവിടെ അപ്പോൾ മറിയത്തിന്റെ പങ്ക് എന്താണ്? ദൈവപുത്രന്റെ പിതൃത്വം ദൈവം ഏറ്റെടുത്തെങ്കിൽ മാതൃത്വത്തിന്റെ എല്ലാ ചുമതലകളും മറിയത്തിനാണ്. അത് മനസ്സിലാക്കിയാണ് മറിയം പ്രതിവചി

ക്കുന്നത്: ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട കന്യകയുടെ ഭാഗത്തുനിന്നും ഈ സഹകരണം സ്പഷ്ടമായ രീതിയിൽതന്നെ സാക്ഷാത്കൃതമായി. മാലാഖയുടെ വാർത്തയനുസരിച്ച് ദൈവവചനത്തെ സ്വഹൃദയത്തിലും ശരീരത്തിലും സ്വീകരിക്കുകയും ലോകത്തിന് ജീവൻ പ്രദാനം ചെയ്യുകയുമാണ് മറിയം ചെയതത്. കന്യകമറിയത്തിലൂടെയാണ് ദൈവമിന്ന് ക്രിസ്തുവിനെ വ്യക്തികൾക്കും സഭയ്ക്കും സമൂഹത്തിനും പ്രദാനം ചെയ്യുന്നത്.

സമർപ്പണ ജീവിതത്തിന്റെ മാതൃകയായ വിശുദ്ധ മറിയം പൂർണ വിധേയത്വത്തിലൂടെ ദൈവത്തിന്റെ രക്ഷാകരപദ്ധതിക്ക് പ്രത്യുത്തരമരുളി. മറിയം കൂടെയുണ്ടെങ്കിൽ തീർച്ചയായും യേശുവും നമ്മുടെ കൂടെ ഉണ്ടായിരിക്കും. കാരണം അവർ അത്രയ്ക്കും ഒന്നാണ്. എന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാസവും (ഉല്പ 2:23)എന്ന് ആദം ഹൗവ്വയെക്കുറിച്ച് പറയുന്നെങ്കിൽ പുതിയ ഹൗവ്വയായ മറിയത്തിലും ഇത് അന്വർത്ഥമാണ്. പരിശുദ്ധ അമ്മയ്ക്ക് സ്വപുത്രനെനോക്കി തീർച്ചയായും പറയാൻ കഴിയും എന്റെ മാംസവും എന്റെ രക്തവുമെന്ന്. വി. ഐറേനിയൂസ് പറയുന്നതുപോലെ, അവൾ അനുസരണത്താൽ തന്റെയും എല്ലാ മനുഷ്യരുടെയും രക്ഷയ്ക്ക് കാരണക്കാരിയായി. “അമ്മയെ ബഹുമാനിക്കുന്നവൻ നിക്ഷേപം കൂട്ടുന്നു” (പ്രഭാ 3:4). ഈ പ്രഭാഷക വചനം എന്നും നമ്മുടെ ഉള്ളിൽ മുഴങ്ങിനിൽക്കട്ടെ. എന്നാൽ പരിശുദ്ധ അമ്മയെ പുശ്ചിക്കുന്ന ഏതാനും സഭാവിഭാഗങ്ങൾ തന്നെയുണ്ട്. ഭൂരിഭാഗം മഹാത്മാരും തങ്ങളുടെ ഔന്നത്യത്തിനു കാരണഭൂതമായി എടുത്തുകാട്ടാറുള്ളത് സ്വന്തം അമ്മമാരെതന്നെയാണ്.

ഉൽപത്തി മുതൽ വെളിപാട് വരെയുള്ള തിരുവചനങ്ങളിലൂടെ തീർത്ഥാടനം നടത്തുന്നവർക്ക് കണ്ടെത്താൻ സാധിക്കുന്ന ഒരു സത്യം, പാപവും മരണവും ഒരു സ്ത്രീയുടെ സഹകരണത്താൽ ലോകത്തിൽ ആവിർഭവിച്ചതുപോലെ ജീവന്റെ പുന:പ്രാപ്തിയും ഒരു സ്ത്രീയുടെ സഹകരണം വഴി ആവശ്യമായിരുന്നു. അതുകൊണ്ട് മനുഷ്യാവതാരത്തിനു മുമ്പുതന്നെ മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ടിരുന്ന ഈ മാതാവിന്റെ സമ്മതം നേടാൻ സർവശക്തനായ ദൈവം തിരുമനസ്സായി.

സ്ത്രീത്വത്തിന്റെ മഹത്വവും ശ്രേഷ്ഠതയും നിറഞ്ഞുനില്ക്കുന്ന മൂർത്തീഭാവമാണ് പരി. മറിയം. ആ അമ്മ സാധാരണക്കാരുടെ കൂട്ടത്തിൽ ഏറ്റവും അസാധാരണമായ വ്യക്തിയാണ്. ദൈവീക പദ്ധതികൾക്കായി അവൾ തന്നെത്തന്നെ വിട്ടുകൊടുക്കുന്നു. അവൾക്ക് സ്വന്തമായ താല്പര്യമില്ല, പദ്ധതിയില്ല, ആഗ്രഹമില്ല, എല്ലാം തമ്പുരാന്റെ ഇഷ്ടം പോലെ. ദൈവത്തിന്റെ എല്ലാ പദ്ധതികൾക്കും അവൾ പൂർണമായി വിട്ടുകൊടുത്തു. മംഗലവാർത്തയിൽ ആരംഭിച്ച വേദനകളും പ്രതിസന്ധികളും കുരിശിൻചുവടുവരെയും അതിനപ്പുറവും സഹിച്ച പരി. കന്യകമറിയത്തെ കുരിശിൻചുവട്ടിൽവച്ച് യേശു താൻ സ്നേഹിച്ചവർക്കെല്ലാം അമ്മയായി നൽകി. തിരുവചനം അനുഗ്രഹീതയെന്നും ഭാഗ്യവതിയെന്നും വിളിച്ച് ആദരിക്കുന്നവളെ നമുക്കും അങ്ങനെ വിളിച്ച് ആദരിക്കാം. മാതാവിനെപ്പോലെ നമ്മുടെ ജീവിതം മുഴുവനും കർത്താവിന്റെ ദാസിദാസന്മാരായി ജീവിക്കാൻ അനുഗ്രഹം അപേക്ഷിക്കാം.